പതിനഞ്ചാം കേരള നിയമസഭ

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി I

## (SUBJECT COMMITTEE I)

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2025-26)

# FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2025-26)

2025 മാർച്ച് 3-ാം തീയതി സമർപ്പിച്ചത്
(Presented on 3rd March 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2025-26)

FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2025-26)

290/2025.

## ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി I

# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (2023-2026)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. പി. പ്രസാദ്,
കൃഷി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീമതി ജെ. ചിഞ്ചുറാണി,
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

ശ്രീ. പി. ജെ. ജോസഫ്, എം.എൽ.എ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.

ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. എസ്. കിരൺബോസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

2025-26 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ 2025 ഫെബ്രുവരി 17, 20 എന്നീ തീയതികളിൽ സമിതി പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXIX — കൃഷി

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം (വെയർഹൗസിംഗ് കോർപ്പറേഷൻ)

ധനാഭ്യർത്ഥന നമ്പർ XXXI — മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII — ക്ഷീരവികസനം

ധനാഭ്യർത്ഥന നമ്പർ XXXIII — മത്സ്യബന്ധനം

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2025 ഫെബ്രുവരി മാസം 25-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. പ്രസാദ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി* I.

തിരുവനന്തപുരം,
2025 മാർച്ച് 3.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

വോട്ട് ചെയ്തത് : 35,96,38,25,000 രൂപ

ചാർജ്ജ് ചെയ്തത് : 5,78,000 രൂപ

2401-00-001-88—മലബാർ മാർക്കറ്റ് കമ്മിറ്റിക്കുള്ള സഹായം

വിഹിതം : 60,00,000 രൂപ (പദ്ധതിയേതരം)

1. മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും പെൻഷനും ക്ഷാമബത്തയും നൽകുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-001-86—ഓഫീസ് ആട്ടോമേഷൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ

വിഹിതം : 7,59,00,000 രൂപ (പദ്ധതി)

2. കൃഷി വകുപ്പിന് കീഴിലുള്ള കൃഷി ഭവൻ ഉൾപ്പെടെയുള്ള ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കൽ, പരിപാലനം എന്നിവയ്ക്കും കൃഷി ഡയറക്ടേറേറ്റ് മുതൽ കൃഷി ഭവൻ വരെയുള്ള എല്ലാ ഓഫീസുകളിലേക്കും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനും വകുപ്പിലെ എല്ലാ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുള്ള BSNL മൊബൈൽ സിം കാർഡ് പുതുക്കുന്നതിനും കമ്പ്യൂട്ടറുകൾ, ആക്സസറികൾ എന്നിവ വാങ്ങുന്നതിനും നെറ്റ് വർക്കിംഗ്, സൈറ്റ് തയ്യാറാക്കൽ എന്നിവയ്ക്കും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വികസനം, വീഡിയോ കോൺഫറൻസ്/വെർച്വൽ ക്ലാസ് റൂം ഉൾപ്പെടെയുള്ള ഐ.റ്റി.സി. അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം, നവീകരണം, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയം എന്നീ ഘടകങ്ങളിലുമായി 5.313 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-102-90—ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

വിഹിതം : 93,60,00,000 രൂപ (പദ്ധതി)

3. സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉൽപ്പാദനോപാധികൾക്ക് ആനുകൂല്യം നൽകുന്നതിനായും കൃഷി സ്ഥലമുടമകൾക്ക് റോയൽറ്റി നൽകുന്നതിനായും 40 കോടി രൂപയും 2024-25 നവംബർ മാസം വരെയുള്ള കമ്മിറ്റഡ് ക്ലെയിമുകൾ മാറി

നൽകുന്നതിനായി 44.81 കോടി രൂപയും ഉൾപ്പെടെ 84.81 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-102-76-02—കൂടുതൽ വിളവ് ഓരോ തുള്ളിക്കും - പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ ഘടക പദ്ധതി (60% സി.എസ്.എസ്)- സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

4. കേന്ദ്രാവിഷ്കൃത പദ്ധതിയായ "പെർ ഡ്രോപ്പ് മോർ ക്രോപ്" 2025-26 വർഷം 100 കോടി രൂപയുടെ റിവൈസ്ഡ് അലോക്കേഷൻ പരിഗണിച്ച് പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 83.62 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-103-87—നാളികേര വികസനം

വിഹിതം : 73,00,00,000 രൂപ (പദ്ധതി)

5. 2025-26 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന 54 കേര ഗ്രാമങ്ങൾ, 15 ലക്ഷം തെങ്ങുകൾക്കായുള്ള കേര രക്ഷാവാരം, തെങ്ങിൻതൈ വിതരണം, വിത്ത് തേങ്ങാ സംഭരണം, പോളിനേഷൻ തൊഴിലാളികൾക്കുള്ള വേതനം, മറ്റ് വേതന ചെലവുകൾ, രണ്ടാം വർഷ, മൂന്നാം വർഷ കേര ഗ്രാമങ്ങൾക്കുള്ള പിന്തുണ ഉൾപ്പെടെയുള്ള പദ്ധതികൾക്കും 2024-25 വർഷത്തെ കമ്മിറ്റഡ് ക്ലെയിമുകൾ അനുവദിക്കുന്നതിനായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 47 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-103-75—ലൊക്കേഷൻ സ്പെസിഫിക് സ്കീം

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

6. ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയിലൂടെ വിള വൈവിധ്യവൽക്കരണത്തിനും വിള തീവ്രതയ്ക്കും മുൻ വർഷത്തെ കുടിശ്ശിക തുക അനുവദിക്കുന്നതിനായി 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-103-74-01—നാളികേര വികസന ബോർഡ് പദ്ധതികൾ-(സംസ്ഥാന വിഹിതം)-പ്രാദേശിക നാളികേരനഴ്സറികൾ സ്ഥാപിക്കൽ

വിഹിതം : ഇല്ല

7. നാളികേര വികസന ബോർഡ് പദ്ധതിയുടെ ഭാഗമായി വിത്ത് തേങ്ങ സംഭരിച്ച് തൈകൾ ഉത്പാദിപ്പിക്കുന്ന പരിപാടിയുടെ സംസ്ഥാന വിഹിതമായി 47.87 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-91—ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ

വിഹിതം : 12,75,00,000 രൂപ (പദ്ധതി)

8. തിരഞ്ഞെടുത്ത ഫാമുകളിൽ കാർബൺ ന്യൂട്രൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായും ജില്ലാ കൃഷിത്തോട്ടം നേരിയമംഗലം, ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാം നെല്ലിയാംപതി എന്നിവയ്ക്ക് അംഗീകൃത ഏജൻസി വഴി കാർബൺ ഫുട്ട് പ്രിന്റ് വിലയിരുത്തലിനായും ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനം, 2022-23-ലെ ഫാമുകളുടെ പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള സമഗ്ര വികസനം എന്നിവയ്ക്കുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-86(01)—ഫാം സെക്ടറുകൾക്ക് വേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി - കടാശ്വാസ കമ്മീഷൻ

വിഹിതം : 24,72,58,000 രൂപ (പദ്ധതിയേതരം)

9. കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ അവാർഡ് അനുസരിച്ച് കാർഷിക കടാശ്വാസമായി നാളിതുവരെ നൽകുവാനുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിനായി 188 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-72-02—പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) 60% കേന്ദ്രാവിഷ്കൃതം - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

10. ഭാരതീയ പ്രകൃതി കൃഷി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 16.71675 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-70-02—ദേശീയ കാർഷിക സുസ്ഥിര പദ്ധതി-സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

11. "സോയിൽ ഹെൽത്ത് ആൻഡ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 12.6265 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-69-02—ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

12. "റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 11.0335 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-67—കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

13. ഒരു കൃഷിയിടത്തിൽ നിന്നും ഉല്പാദനം, ഉല്പാദനക്ഷമത, വരുമാനം എന്നിവ പരമാവധിയാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ ഫാം പ്ലാനുകളിൽ മുൻ വർഷങ്ങളിൽ നന്നായി ചെയ്തിട്ടുള്ളവയ്ക്ക് പുതിയ നിർണ്ണായക ഘടകങ്ങൾ പിന്തുണയായി നൽകി കർഷകരുടെ വരുമാനം വർധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-66—<u>കൃഷി സമൃദ്ധി</u>

വിഹിതം : 1,00,000 രൂപ (പദ്ധതി)

14. 500 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ ഭാഗമായി പരിശീലനങ്ങൾ, കാമ്പയിനുകൾ, കൃഷിക്കൂട്ടം പുനഃസംഘടിപ്പിക്കുന്നതിനുള്ള യോഗങ്ങൾ, വാർഡ്തല രൂപീകരണം, എൽ.എസ്.ജി. ഫെഡറേഷൻ എന്നിവയ്ക്കുള്ള ചെലവുകൾ, അതിലേക്കുള്ള ബ്ലോക്ക്, ജില്ലാതല നടപ്പാക്കലും നിരീക്ഷണവും, കമ്മിറ്റി യോഗങ്ങൾ, പരിശീലനങ്ങൾ എന്നിവയുടെ ഭരണ ചെലവുകൾ - കാമ്പയിനും പബ്ലിസിറ്റിയും എന്നിവ നടപ്പിലാക്കുന്നതിനായി 75 ലക്ഷം രൂപയും ഉല്പാദന/വിപണന പദ്ധതി തയ്യാറാക്കൽ, സാങ്കേതിക പരിശീലനം, ഉല്പാദനം, മാർക്കറ്റിംഗ്, മൂല്യവർദ്ധന ഘടകങ്ങൾ എന്നിവയ്ക്കുള്ള മൈക്രോ പ്ലാൻ അന്തിമമാക്കൽ പ്രിന്റിംഗും, മോണിന്റിംഗും എന്നീ ഘടകങ്ങൾക്കായി 1.25 കോടി രൂപയും മൈക്രോ പ്ലാൻ (മാർക്കറ്റിംഗ് പ്ലാൻ) പ്രകാരം മോഡൽ പ്ലോട്ടിനുള്ള പിന്തുണ എന്ന ഘടകം നടപ്പിലാക്കുന്നതിനായി 2.5 കോടി രൂപയും ഉൾപ്പെടെ <u>4.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2401-00-105-86—<u>ആധുനിക പരീക്ഷണശാലകൾ സ്ഥാപിക്കൽ</u>

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

15. രണ്ട് രാസവളപരിശോധനാ ലാബുകളും ഒരു ജീവാണുവള പരിശോധനാ ലാബും ആധുനികീകരിക്കുന്നതിന് പരിശോധന ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി, സംരക്ഷണ ലബോറട്ടറിയുടെ വൈദ്യുതീകരണം, പുതിയ ഉപകരണങ്ങൾ വാങ്ങൽ, റിവോൾവിംഗ് ഫണ്ട് എന്നിവയ്ക്കും രണ്ട് രാസവള പരിശോധനാ ലാബുകളുടെയും കീടനാശിനി പരിശോധനാ ലാബിന്റെയും പരിശോധന ഫലങ്ങളുടെ നിലവാരം ഉയർത്തുന്നതിന് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അക്രഡിറ്റേഷൻ നേടുന്നതിന് കെട്ടിടം നവീകരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് പരിശോധനാശാലകൾ സജ്ജമാക്കുന്നതിനും കൃഷി വകുപ്പിന് കീഴിലുള്ള മണ്ണ് പരിശോധനാ ലാബുകളുടെ NABL അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനുമായും 2024-25 സാമ്പത്തിക വർഷത്തെ കമ്മിറ്റഡ് ക്ലെയിം നൽകുന്നതിനുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായും മൊബൈൽ മണ്ണ് പരിശോധനാ ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായും ബി.എം.എഫ്.സി. യുടെ നിലവിലുള്ള ടിഷ്യൂ കൾച്ചർ വാഴതൈ ഉല്പാദനം 5 ലക്ഷത്തിൽ നിന്നും 2025-26 സാമ്പത്തിക വർഷത്തിൽ 15 ലക്ഷമായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായും അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ

സംവിധാനങ്ങളും ഒരുക്കുന്നതിനും നിലവിലുള്ള കമ്മിറ്റഡ് എക്സ്പെൻഡിച്ചർ കൊടുത്തു തീർക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.73 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-105-85—ഓർഗാനിക് ഫാമിംഗ്

വിഹിതം : 6,00,00,000 രൂപ (പദ്ധതി)

16. ജൈവ കൃഷി മിഷന്റെ ഭാഗമായി കാർഷിക ഇനങ്ങളെ ജൈവ കൃഷിയിൽ ഉൾപ്പെടുത്തി സർട്ടിഫൈ ചെയ്യുന്നതിനും തുടർന്ന് ലേബൽ ചെയ്ത് അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്നതിനുമായി 1 കോടി രൂപയും എല്ലാ ജില്ലകളിലും ജൈവ കൃഷി നടപ്പിലാക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരേയും തിരഞ്ഞെടുത്ത ഉദ്യോഗസ്ഥരേയും മറ്റ് പ്രതിനിധികളേയും ഉൾപ്പെടുത്തി മികച്ച ജൈവ/പ്രകൃതി കൃഷി മുറകൾ അവലംബിക്കുന്ന സ്ഥലങ്ങളിൽ പഠന യാത്രയും പ്രായോഗിക പരിശീലന സംവിധാനങ്ങളും ഒരുക്കുന്നതിനായി 5 ലക്ഷം രൂപയും ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ട്രെയിനിംഗുകളും സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുന്നതിനായി 20 ലക്ഷം രൂപയും ആലപ്പുഴ ജില്ലയിൽ വരിനെല്ല് നിയന്ത്രിക്കുന്നതിനുള്ള ജൈവിക പദ്ധതിക്കായി 1.743185 കോടി രൂപയും ഉൾപ്പെടെ 2.993185 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-107-78—വിളകളുടെ ആരോഗ്യ സംരക്ഷണം

വിഹിതം : 13,00,00,000 രൂപ (പദ്ധതി)

17. പ്രസ്തുത പദ്ധതിക്കായി പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് നടപ്പിലാക്കുന്നതിനായി കമ്മിറ്റഡ് ഇനത്തിൽ 74 ലക്ഷം രൂപയും കൃഷി ഭവനുകളോട് അനുബന്ധിച്ച് പ്രവർത്തിച്ച് വരുന്ന 295 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ ശാക്തീകരണത്തിനായി 50 ലക്ഷം രൂപയും KCPM-ന്റെ അനുബന്ധ ചെലവുകൾക്ക് 5 ലക്ഷം രൂപയും വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള കൃഷി നാശം തടയുന്നതിനായി 6.8 കോടി രൂപയും ക്രോപ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ പ്രവർത്തിച്ചുവരുന്ന കരാർ ജീവനക്കാർക്ക് വേതന വർദ്ധനവ് വരുത്തി വേതനം നൽകുന്നതിന് 1 കോടി രൂപയും ഉൾപ്പെടെ 9.09 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-108-59—സുഗന്ധദ്രവ്യങ്ങളുടെ വികസനം

വിഹിതം : 7,60,00,000 രൂപ (പദ്ധതി)

18. കുരുമുളക് കൃഷി ഫലപ്രദമായി നടപ്പാക്കുന്നതിന് 3.2 കോടി രൂപയും ഇഞ്ചി, മഞ്ഞൾ കൃഷി കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയതിന് നൽകേണ്ടതായ തുക 25 ലക്ഷം രൂപയും ജാതി കൃഷി കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയതിന് 4 ലക്ഷം രൂപയും ഗ്രാമ്പു കൃഷി കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയതിന് 1.37 ലക്ഷം രൂപയും ഉൾപ്പെടെ 3.5037 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-84—കാർഷിക വിജ്ഞാനവും വ്യാപനവും

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

19. കേരള കർഷകൻ മാസിക ഗുണമേന്മ ഉറപ്പാക്കി തടസ്സമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനായി 1.25 കോടി രൂപയും ഫാം ഇൻഫർമേഷൻ ബ്യൂറോക്ക് പുതിയ കെട്ടിടം പണിയുന്നതിന് 3 കോടി രൂപയും മറ്റ് പ്രധാന പ്രവർത്തനങ്ങളായ വീഡിയോ പ്രൊഡക്ഷൻ, സൈബർ എക്സ്റ്റൻഷൻ, ഫാം ഫീച്ചർ ശിൽപ്പശാലകൾ, ഉപദേശകസമിതി യോഗങ്ങൾ, വാഹനങ്ങളുടെ റിപ്പയറിംഗ്, ഇന്ധനചെലവുകൾ, യാത്രാ ചെലവുകൾ മുതലായവയ്ക്കുമായി 3.7 കോടി രൂപയും ഉൾപ്പെടെ 7.95 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-80—കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

വിഹിതം : 14,89,00,000 രൂപ (പദ്ധതി)

20. കൃഷി ഭവൻതലത്തിൽ കർഷകസഭ, ഞാറ്റുവേലച്ചന്ത പദ്ധതി നടപ്പിലാക്കുന്നതിന് 32.28 ലക്ഷം രൂപയും കാർഷിക മേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കൃഷിക്കൂട്ടങ്ങൾക്ക് ഫണ്ട് നൽകാനായി 1 കോടി രൂപയും ആത്മ പ്രോജക്റ്റ്, 2023-24, 2024-25 സാമ്പത്തിക വർഷത്തെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ കുടിശ്ശിക, ഈ സാമ്പത്തിക വർഷത്തെ നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 50 ലക്ഷം രൂപയും സെമിനാറുകൾ, ജില്ലാതല സമ്മേളനങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവയ്ക്കായി 3 ലക്ഷം രൂപയും കാർഷിക വികസന സമിതി യോഗങ്ങൾ എന്ന ഘടകത്തിന് 2023-24 വർഷത്തെ സ്മാർട്ട് കൃഷി ഭവൻ പദ്ധതിയ്ക്കായി 7.7987 കോടി രൂപയും കൃഷി ഭവനുകളിലും ബ്ലോക്കുകളിലും അടിയന്തരമായി നടപ്പിലാക്കേണ്ട അപ്രതീക്ഷിത മൂലധന ചെലവുകൾക്കായി

2024-25 വർഷത്തെ കമ്മിറ്റഡ് ക്ലെയിം തുക ആയ 46.55 ലക്ഷം രൂപയും ഉൾപ്പെടെ 11.8208 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-65-02—അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജനയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും - (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 17,80,00,000 രൂപ (പദ്ധതി)

21. ഇൻഷുറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, റീസ്ട്രക്ചേർഡ് വെതർ ബേസ്ഡ് ക്രോപ് ഇൻഷുറൻസ് സ്കീം എന്നിങ്ങനെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി മുൻവർഷം 83.499 കോടി രൂപ ആവശ്യമായി വന്നതിനാൽ നടപ്പുവർഷം അധികമായി 65.6990259 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-59-02—രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

വിഹിതം : 13,35,00,000 രൂപ (പദ്ധതി)

22. "രാഷ്ട്രീയ കൃഷി വികാസ് യോജന" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 13.35 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 20.025 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin. dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 70.0085 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-58-02—കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം.) (60% കേന്ദ്രാവിഷ്കൃതം)-സംസ്ഥാന വിഹിതം

വിഹിതം : 17,80,00,000 രൂപ (പദ്ധതി)

23. "സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 2025-26 വർഷം 150.43 കോടി രൂപയുടെ റിവൈസ്ഡ് അലോക്കേഷൻ പരിഗണിച്ച് പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 17.8 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ

ലഭ്യമായ 26.7 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 81.29225 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-57-02—തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 10,68,00,000 രൂപ (പദ്ധതി)

24. "മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതു വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 10.68 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 16.02 കോടി രൂപ സർക്കുലർ നമ്പർ 02/2025/Fin. dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 31.834 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-110-82—പുനഃസ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 33,14,00,000 രൂപ (പദ്ധതി)

25. എയിംസ് പോർട്ടൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച വിളനാശത്തിനുള്ള ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 22.9443142 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-111-96-02—ഡിജിറ്റൽ ക്രോപ് സർവ്വേ-(നാഷണൽ ഇ-ഗവേണൻസ് പ്ലാൻ) അഗ്രികൾച്ചർ - (40%) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

26. "ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 27.8037 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-113-83—കാർഷിക സേവനകേന്ദ്രവും സേവനം എത്തിക്കലും

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

27. 2024-25 സാമ്പത്തിക വർഷത്തെ കമ്മിറ്റഡ് എക്സ്പെൻസ് ആയി 2.6 കോടി രൂപയും മെഷിനറി ക്യാമ്പ് സംഘടിപ്പിക്കുന്നതിന് വേണ്ടി 70.45 ലക്ഷം രൂപയും ഉൾപ്പെടെ 3.3045 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-114-97-02—നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് - ഓയിൽ പാം - (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

28. "നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 9.325 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-115-99-33—ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി - സബ്സിഡികൾ

വിഹിതം : 36,92,00,000 രൂപ (പദ്ധതിയേതരം)

29. മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിന് 13 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-119-85—കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

വിഹിതം : 60,45,00,000 രൂപ (പദ്ധതി)

30. സമഗ്ര പച്ചക്കറി വികസനം (സമ്പൂർണ്ണ പച്ചക്കറി യജ്ഞം) പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനും പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനുമായി 12 കോടി രൂപയും പോഷക സമൃദ്ധി മിഷന്റെ ലക്ഷ്യം കൈവരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 9.444 കോടി രൂപയും സമഗ്ര പച്ചക്കറി വികസനം പദ്ധതിയിൻകീഴിൽ ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാർക്ക് 2025-26 സാമ്പത്തിക വർഷം വേതനം മാറി നൽകുന്നതിന് 10.6 ലക്ഷം രൂപയും Technical support and contractual appointments എന്ന ഘടകത്തിലും 2024-25 സാമ്പത്തിക വർഷത്തിൽ

വിവിധ ഘടകങ്ങളിലായി കമ്മിറ്റഡ് എക്സ്പെൻഡിച്ചർ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 26.93 കോടി രൂപയും ഉൾപ്പെടെ 48.48 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-119-79—ഔഷധ സസ്യങ്ങളുടെയും പഴം/പൂവ് എന്നിവയുടെയും വികസനം

വിഹിതം : 18,92,00,000 രൂപ (പദ്ധതി)

31. 2024-25 സാമ്പത്തിക വർഷത്തിൽ വിവിധ ഘടകങ്ങളിലായി കമ്മിറ്റഡ് എക്സ്പെൻഡിച്ചർ ഇനത്തിൽ 5.6 കോടി രൂപയും സംസ്ഥാനത്തെ 14 ജില്ലകളിലും പുഷ്പ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിൽ നിന്നും അനുയോജ്യമായ പ്രൊജക്ടിന് അംഗീകാരം നൽകി പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി 25 ലക്ഷം രൂപയും ഫാമുകളിലെ ഔഷധസസ്യ കൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഔഷധസസ്യ കൃഷി, സ്ഥാപനങ്ങളിലെ ഔഷധകൃഷി വ്യാപനം എന്നീ ഘടകങ്ങൾക്കായി 25 ലക്ഷം രൂപയും ഉൾപ്പെടെ 6.1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-119-78—കുട്ടനാട്ടിലെ കൃഷി സെക്ടറുകളുടെ വികസനം

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

32. 2025-26 വർഷത്തിൽ കുട്ടനാട് മേഖലയിൽ പരമ്പരാഗത പെട്ടിയും പറയും സമ്പ്രദായം മാറ്റി പകരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/സബ്മേഴ്സിബിൾ പമ്പ് സെറ്റുകൾ (1050 എച്ച്.പി.) എന്നിവ സൗജന്യമായി സ്ഥാപിക്കുന്നതിനും അതിനായി ഉയർന്ന തിട്ടകൾ നിർമ്മിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വൈദ്യുതി എത്തിക്കുന്നതിനും പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ പാടശേഖരത്തിന്റെ ബണ്ടുകൾ സ്ഥാപിക്കുന്നതിനുമായി 22 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-119-77—കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി - അടിസ്ഥാന വില

വിഹിതം : 50,00,000 രൂപ (പദ്ധതി)

33. പഴങ്ങൾക്കും പച്ചക്കറികൾക്കും വില കുറയുന്ന സാഹചര്യത്തിൽ പ്രഖ്യാപിച്ച അടിസ്ഥാന വില കർഷകർക്ക് നൽകുന്ന കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതിയ്ക്കായി 2023-24, 2024-25 വർഷങ്ങളിലെ കുടിശ്ശിക മാറി നൽകുന്നതിനായി 1.25 കോടി രൂപയും 2025-26 വർഷത്തേക്ക് അധികമായി 25 ലക്ഷം രൂപയും ഉൾപ്പെടെ 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-191-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്-മുനിസിപ്പൽ കോർപ്പറേഷനു കൾക്കുള്ള ധനസഹായം

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

34. മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിനായി 94.14814 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-192-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

വിഹിതം : 44,00,000 രൂപ (പദ്ധതിയേതരം)

35. മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിനായി 2.6394333 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-198-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

വിഹിതം : 13,24,00,000 രൂപ (പദ്ധതിയേതരം)

36. മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിനായി 48.3400584 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-92-02—ദേശീയ കാർഷിക സുസ്ഥിര പദ്ധതി - സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

37. "സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.23825 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-83-02—പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

38. "ഭാരതീയ പ്രകൃതി കൃഷി പദ്ധതി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.6335 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-82-02—കൂടുതൽ വിളവ് ഓരോ തുള്ളിക്കും - പ്രധാനമന്ത്രി കൃഷിസിഞ്ചായ് യോജനയുടെ ഘടകപദ്ധതി-(60% സി.എസ്.എസ്.)-സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

39. "പെർ ഡ്രോപ്പ് മോർ ക്രോപ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 8.2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-79-02—രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

40. "രാഷ്ട്രീയ കൃഷി വികാസ് യോജന" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.5 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 2.25 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 6.3835 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-78-02—കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം -സംസ്ഥാന വിഹിതം

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

41. "സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 3 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 7.3355 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-77-02—തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്.എസ്) - സംസ്ഥാന വിഹിതം

വിഹിതം : 1,20,00,000 രൂപ (പദ്ധതി)

42. "മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 1.8 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 2.74 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-74-02—ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

43. "റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.0835 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-72-02—നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് -ഓയിൽ പാം - (60% സി.എസ്.എസ്.) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

44. "നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 91 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-70-02—ഡിജിറ്റൽ ക്രോപ് സർവ്വേ - (നാഷണൽ ഇ-ഗവേണൻസ് പ്ലാൻ - അഗ്രികൾച്ചർ) - 40% സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

45. "ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 2.73 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-92-02—ദേശീയ കാർഷിക സുസ്ഥിര പദ്ധതി - സോയിൽ ഹെൽത്ത്കാർഡ് (60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

46. "സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.23525 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-83-02—പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) - (60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

47. ഭാരതീയ പ്രകൃതി കൃഷി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.6335 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-81-02—പ്രധാനമന്ത്രി കൃഷി സിഞ്ചായ്‌യോജന (പി.എം.കെ.എസ്.വൈ.) യുടെ പി.ഡി.എം.സി. ഘടകം-60%-സി.എസ്.എസ്.-സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

48. "പെർ ഡ്രോപ്പ് മോർ ക്രോപ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 8.18 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-79-02—കാർഷിക വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കും വേണ്ടിയുള്ള ദേശീയ മിഷൻ (എസ്.എം.എ.ഇ.) കീഴിലുള്ള കാർഷിക വ്യാപനത്തിനുള്ള ഉപപദ്ധതി (എസ്.എം.എ.ഇ.)(60%കേന്ദ്ര വിഹിതം)- സംസ്ഥാന വിഹിതം

വിഹിതം : 10,00,000 രൂപ (പദ്ധതി)

49. "സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ ആത്മ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 10 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 15 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 1.9995 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-78-02—രാഷ്ട്രീയ കൃഷി വികാസ് യോജന - (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 15,00,000 രൂപ (പദ്ധതി)

50. "രാഷ്ട്രീയ കൃഷി വികാസ് യോജന" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.5 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 22.5 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 9.73825 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-77-02—കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 20,00,000 രൂപ (പദ്ധതി)

51. "സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 3 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 11.8055 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-76-02—തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60%കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 12,00,000 രൂപ (പദ്ധതി)

52. "മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 12 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 18 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 5.426 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-73-02 —ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

53. "റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.0835 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-71-02—നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് - ഓയിൽ പാം - (60% സി.എസ്.എസ്.) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

54. "നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 91 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-69-02—ഡിജിറ്റൽ ക്രോപ് സർവ്വേ - (നാഷണൽ ഇ-ഗവേണൻസ് പ്ലാൻ - അഗ്രികൾച്ചർ) - 40% സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

55. "ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 2.72 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-800-91—പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

56. എയിംസ് പോർട്ടൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനും കരുതൽ വിത്ത് ശേഖരണം എന്ന ഘടകത്തിനുമായി 61.2025141 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-800-28—മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും

വിഹിതം : 32,10,00,000 രൂപ (പദ്ധതി)

57. മുഴുവൻ നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളിലും കുമ്മായം വിതരണം ചെയ്യുന്നതിനായി 75.9 കോടി രൂപയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയായ 11.1434 കോടി രൂപയും മുൻ വർഷങ്ങളിൽ നൽകാനുള്ള തുകയായ 1.6028 കോടി രൂപയും SRHM-ലെ കമ്മിറ്റഡ് തുകയായ 2.5 കോടി രൂപയും ഉൾപ്പെടെ 91.1462 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2415-01-277-98—സീനിയർ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം

വിഹിതം : 3,35,00,000 രൂപ (പദ്ധതി)

58. 2024-25 വർഷത്തെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ 54 ലക്ഷം രൂപയും ഈ വർഷം നടപ്പിലാക്കുവാൻ പോകുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകളായ IRMA, IIM, NPHM തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്നുള്ള കൊളാബ്രേറ്റീവ് ട്രെയിനിംഗിനായി 50 ലക്ഷം രൂപയും സംസ്ഥാന തലത്തിൽ സെമിനാർ, വർക്ക്ഷോപ്പുകൾ എന്നിവ നടത്തുന്നതിന് 75 ലക്ഷം രൂപയും സമേതി ഓപ്പറേഷൻ കോസ്റ്റായ 35 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.14 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2435-01-101-85—വില സ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ

വിഹിതം : 21,50,00,000 രൂപ (പദ്ധതി)

59. വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടൽ എന്ന ഘടകത്തിനായി 2025-26 സാമ്പത്തിക വർഷത്തിലെ ഓണവിപണികൾക്കും പഴം, പച്ചക്കറികളുടെ വിലനിയന്ത്രണത്തിനും പച്ചത്തേങ്ങ സംഭരണം, കൊപ്ര സംഭരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2435-01-800-94—മൂല്യവർദ്ധനവ്

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

60. അഗ്രി സ്റ്റാർട്ട് അപ്പ്, അഗ്രി ബിസിനസ് ഇൻക്യുബേറ്ററുകളുടെ സഹായം, തേനീച്ച വളർത്തലിനും തേൻ ഉത്പാദനത്തിനുമുള്ള ധനസഹായം, പ്രാഥമിക കാർഷിക സഹകരണ സംഘം/കാർഷിക കർമ്മസേന/കാർഷിക കൂട്ടായ്മകൾ എന്നിവയ്ക്ക് കൊപ്ര ഉണക്കൽ യൂണിറ്റുകൾ, കർഷക ഉത്പാദക സംഘടനകളെ സഹായിക്കുന്നതിന് വി.എഫ്.പി.സി.കെ.-യ്ക്ക് നൽകുന്ന ധനസഹായം, സംസ്കരണത്തിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകുന്ന പദ്ധതി അധിഷ്ഠിത സഹായം, ചെലവ് കുറഞ്ഞ പിക്ക് അപ്പ് വാഹനങ്ങൾക്കുള്ള ധനസഹായം എന്നീ ഘടകങ്ങൾക്കും KAICO-യുടെ ചക്ക സംസ്കരണ ഫാക്ടറി, VAFPCL (വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി) എന്നിവയ്ക്കുമായി 12 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4401-00-113-98—കാർഷിക സേവന കേന്ദ്രങ്ങളുടെ സ്ഥാപനം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

61. 2025-26 കാലയളവിൽ കോർപ്പറേഷനിലും മുൻസിപ്പാലിറ്റിയിലും ഉൾപ്പെടെ പുതിയ കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിനും കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി അവയെ ശക്തിപ്പെടുത്തുന്നതിനും പുതിയ 16 കൃഷിശ്രീ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കാർഷിക കർമ്മസേനകളുടെ ശാക്തീകരണത്തിനുമായി 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4435-01-101-97—ആർ.ഐ.ഡി.എഫ്. പദ്ധതികൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

62. RIDF ട്രാഞ്ചെ അടിസ്ഥാനത്തിൽ, RIDF ട്രാഞ്ചെ XXV മുതൽ ട്രാഞ്ചെ XXX വരെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി 97 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

63. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മാനേജ്മെന്റ് പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ച് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64. കാംകോയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി പുതിയ ശീർഷകം അനുവദിച്ച് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള കാർഷിക സർവ്വകലാശാല**

2415-01-188-99-36—കേരള കാർഷിക സർവ്വകലാശാല സഹായധനം - ശമ്പളേതരം

വിഹിതം : 66,00,00,000 രൂപ (പദ്ധതി)

65. AICRP ഗവേഷണപദ്ധതികൾക്കായി വകയിരുത്തേണ്ട (75% ICAR share : 25% state plan share) 25 കോടി രൂപ (കമ്മിറ്റ്ഡ് ബാധ്യത), 2025-26 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന പദ്ധതി നടത്തിപ്പിനായുള്ള തുക എന്നിവ നൽകുന്നതിനായി 31.50 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2415-01-188-99-31—കേരള കാർഷിക സർവ്വകലാശാല സഹായധനം -ശമ്പളം

വിഹിതം : 420,09,60,000 രൂപ (പദ്ധതിയേതരം)

66. പെൻഷൻകാർക്ക് അനുവദിക്കേണ്ട പെൻഷൻ പരിഷ്കരണ, കമ്മ്യൂട്ടേഷൻ, ആജീവനാന്ത, ക്ഷാമാശ്വാസ, യുജിസി ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി അധ്യാപകർക്ക് നൽകേണ്ട തുക എന്നീ കുടിശ്ശികകൾ, 2025-26 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന അധിക പദ്ധതിയേതര ബാധ്യതകൾ എന്നിവ നൽകുന്നതിനായി 151.08 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

2402-00-102-85-91—ഉദ്യോഗസ്ഥൻമാർക്ക് പരിശീലന പരിപാടി - പരിശീലനം

വിഹിതം : 1,00,000 രൂപ (പദ്ധതി)

67. പരിശീലന പരിപാടികൾക്കും അനുബന്ധ പ്രവർത്തനങ്ങളായ സെമിനാറുകൾ, കാർഷിക ഉത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും പ്രദർശനങ്ങൾ നടത്തുന്നതിനും ഡെറാഡൂണിലെ ഐ.ഐ.എസ്.ഡബ്ല്യൂ.സി.ലേയ്ക്ക് ഉദ്യോഗസ്ഥരെ പരിശീലനത്തിന് നിയോഗിക്കുന്നതിനും സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിന്റെ (ഐ.ഡബ്ല്യൂ.ഡി.എം.കെ, ചടയമംഗലം) ശാക്തീകരണത്തിനും ദൈനംദിന ചെലവുകൾക്കും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 49 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4402-00-203-91(06)—കുട്ടനാട് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ - (സംസ്ഥാന പദ്ധതി)

വിഹിതം : 1,30,00,000 രൂപ (പദ്ധതി)

68. ലോവർ കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 70 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4402-00-800-74—തിരുവനന്തപുരം, കൊല്ലം ജില്ലകളിലെയും തൃശ്ശൂർ കോർപ്പറേഷനിലെയും കുളങ്ങളുടെ നവീകരണം

വിഹിതം : 75,00,000 രൂപ (പദ്ധതി)

69. കേരളത്തിലെ ജലാശയങ്ങളെ സംരക്ഷിക്കുക, കുടിവെള്ള സംരക്ഷണം ഉറപ്പുവരുത്തുക, കൃഷിയെ പരിപോഷിപ്പിക്കുക എന്നിവയ്ക്കായുള്ള സഹസ്രസരോവർ

പദ്ധതിയ്ക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും വാർഷിക പ്ലാൻ 2022-23, 2023-24 സഹസ്രസരോവർ പദ്ധതി ഫേസ് II-ൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ബിൽ കുടിശ്ശിക തുക നൽകുന്നതിനായും 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4402-00-800-73—പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും തോടുകളുടെ നവീകരണത്തിനുമുള്ള ഒറ്റത്തവണ സഹായം.

വിഹിതം : 25,00,000 രൂപ (പദ്ധതി)

70. പദ്ധതി നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാലും 2023-24 സാമ്പത്തിക വർഷത്തിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനായും 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4402-00-800-70—നവീകരണം / സംരക്ഷണ പ്രവൃത്തികൾ

വിഹിതം : ഇല്ല

71. 2025-26 സാമ്പത്തികവർഷം വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാലും കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്തിലെ കടുകുഴിച്ചിറ നവീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനായും 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4402-00-800-69 (01)—ബജറ്റിൽ വാല്യം II-ൽ ഉൾപ്പെട്ട പദ്ധതികൾ

വിഹിതം : ഇല്ല

72. ഒല്ലൂർ നിയമസഭാ മണ്ഡലത്തിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 23-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചാത്തംകുളത്തിന്റെ നവീകരണ പദ്ധതിയ്ക്കായുള്ള ശീർഷകത്തിൽ വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

73. വിവര സാങ്കേതികവിദ്യയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഡോക്യുമെന്റേഷൻ, ഇ-ഫയലിംഗ് എന്നിവ നടപ്പിലാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

74. കെ.എൽ.ഡി.സി ഉദ്യോഗസ്ഥർക്ക് PRICE Software, SBD, E-Tender procedure എന്നിവയിൽ പരിശീലനം നൽകുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ**

2402-00-188-99—കെ.എസ്.ആർ.ഇ.സി.

വിഹിതം : 93,81,000 രൂപ (പദ്ധതിയേതരം)

75. സെന്ററിലെ സർക്കാർ അനുമതി പ്രകാരമുള്ള സ്ഥിരം ജീവനക്കാരുടെ ശമ്പളം, അനുബന്ധ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനായി 1.3533 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

2402-00-102-90—മണ്ണ് സംരക്ഷണത്തിന്റെ വിലയിരുത്തൽ പരിപാടി

വിഹിതം : 54,47,000 രൂപ (പദ്ധതിയേതരം)

76. മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠന സർവ്വേ ചെയ്യുന്ന ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക അനുവദിക്കുന്നതിനായി 14735 രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

4551-60-800-98—കാസർഗോഡ് വികസന പാക്കേജ്

വിഹിതം : 70,00,00,000 രൂപ (പദ്ധതി)

77. മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾക്കും അടുത്ത വർഷം നടപ്പിലാക്കേണ്ട പദ്ധതികൾക്കുമായി 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

4575-60-800-96—ഇടുക്കി വികസന പാക്കേജ്

വിഹിതം : 70,00,00,000 രൂപ (പദ്ധതി)

78. പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിലെ spill over commitment-നായി 75.94 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

വോട്ട് ചെയ്യുന്നത് : 20,66,40,23,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : 1,000 രൂപ

**കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ**

4408-02-101-98—ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർ ഹൗസിംഗ്കോർപ്പറേഷന് നൽകുന്ന സഹായം

വിഹിതം : 1,00,000 രൂപ (പദ്ധതി)

79. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, കോട്ടയം ജില്ലയിലെ പാലാ എന്നിവിടങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5.79 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

4408-02-190-99—കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ മൂതൽ മുടക്ക്

വിഹിതം : ഇല്ല

80. കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് ഓഹരി മൂലധന വിഹിതമായി 4.35 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

## ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

വോട്ട് ചെയ്യുന്നത് : 10,52,19,34,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : ഇല്ല

2403-00-001-99—ഭരണവും നടത്തിപ്പും

വിഹിതം : 13,33,61,000 രൂപ (പദ്ധതിയേതരം)

81. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-001-98—ജില്ലാ ഭരണം

വിഹിതം : 28,36,93,000 രൂപ (പദ്ധതിയേതരം)

82. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വാടക കുടിശ്ശിക എന്നിവ നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-98—ആശുപത്രികളും ഡിസ്പെൻസറികളും

വിഹിതം : 2,62,22,17,000 രൂപ (പദ്ധതിയേതരം)

83. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വാടക കുടിശ്ശിക എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 25.06 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

വിഹിതം : 90,87,12,000 രൂപ (പദ്ധതിയേതരം)

84. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 8 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-86—രോഗ ഗവേഷണം

വിഹിതം : 7,09,32,000 രൂപ (പദ്ധതിയേതരം)

85. വിവിധ രോഗ ഗവേഷണ സ്ഥാപനങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി 4.58 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-71—വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

വിഹിതം : 18,50,44,000 രൂപ (പദ്ധതി)

86. മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ പ്രവർത്തനം, രാത്രികാല അടിയന്തിര മൃഗചികിത്സ സേവനം മുതലായവ തടസ്സമില്ലാതെ നടപ്പിലാക്കുന്നതിന് 1.4956 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-99—ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

വിഹിതം : 1,06,62,36,000 രൂപ (പദ്ധതിയേതരം)

87. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 22 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-96—വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

88. കൃത്രിമ ബീജാധാനത്തിനായി KLD ബോർഡിന് നൽകേണ്ട തുക അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.35 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-96- വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 38,67,55,000 രൂപ (പദ്ധതിയേതരം)

89. ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 42 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-81—ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വിഹിതം : 16,35,00,000 രൂപ (പദ്ധതി)

90. വകുപ്പിന് കീഴിലുള്ള ഫാമുകളുടെ സുഗമമായ പ്രവർത്തനത്തിന് ഈ ശീർഷകത്തിൽ 1.15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-78—ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 48,00,00,000 രൂപ (പദ്ധതി)

91. ഗോവർദ്ധിനി പദ്ധതിയിൽ കൂടുതൽ പശുക്കുട്ടികളെ ഉൾപ്പെടുത്തുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-103-99—കോഴി വളർത്തൽ കേന്ദ്രങ്ങൾ

വിഹിതം : 18,18,06,000 രൂപ (പദ്ധതിയേതരം)

92. കോഴി വളർത്തൽ കേന്ദ്രങ്ങളുടെ വാടക കുടിശ്ശിക, ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനായി 24.8 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-113-92—മൃഗസംരക്ഷണ സ്ഥിതി വിവര കണക്കും സാമ്പിൾ സർവ്വേയും- സി.എസ്.എസ്. - ശമ്പളഘടകം

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

93. സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലുള്ള ജീവനക്കാരുടെ ശമ്പളയിനത്തിൽ തുക കണ്ടെത്തുന്നതിന് 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4403-00-800-97—മൂലധനം-ആർ.ഐ.ഡി.എഫ്.ന്റെ കീഴിൽ നബാർഡിന്റെസഹായത്തോടെ പദ്ധതികളുടെ നടപ്പാക്കൽ

വിഹിതം : ഇല്ല

94. സർക്കാർ ഉത്തരവ് GO(Rt) No.12/2025/P&EA തീയതി 18.01.2025 പ്രകാരം "കേരള ചിക്കൻ" പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി RIDF ഘടകം കൂടി ഉള്ളതിനാൽ പ്രസ്തുത ശീർഷകത്തിൽ മറ്റ് മൂലധന ശീർഷകങ്ങളിൽ നിന്ന് 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്**

2403-00-190-94—കെ.എസ്.പി.ഡി.സി.-യ്ക്ക് സഹായം

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

95. ഗ്രാമീണ മേഖലയിലുള്ള വിധവകളായ ഗുണഭോക്താക്കൾക്ക് കൈത്താങ്ങായി അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി (കെപ്കോ ആശ്രയ)ക്കായി 1 കോടി രൂപയും കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങൾക്ക് സാമ്പത്തിക ഭദ്രത സുരക്ഷിത മാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കോഴി വളർത്തൽ പദ്ധതി (കെപ്കോ വനിതാ മിത്രം)ക്കായി 1 കോടി രൂപയും കൂടുകളിൽ മുട്ടക്കോഴി വളർത്തി മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്ന കൂടും കോഴിയും പദ്ധതിക്കായി 1.5 കോടി രൂപയും ബ്രീഡർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1 കോടി രൂപയും ബ്രീഡർ ഫാമുകളിലെ പാരന്റ് സ്റ്റോക്ക് ശക്തിപ്പെടുത്തൽ (ലെയർ & ബ്രോയിലർ) പദ്ധതിക്കായി 50 ലക്ഷം

രൂപയും ഉന്നത സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പരിസ്ഥിതി നിയന്ത്രിത (ഇ.സി.ഷെഡ്ഡ്) വാണിജ്യ മുട്ടക്കോഴി വളർത്തൽ പദ്ധതിക്കായി 5.2 കോടി രൂപയും ഉൾപ്പെടെ 10.2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്**

2403-00-190-93—മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യക്ക് സഹായം

വിഹിതം : 6,14,00,000 രൂപ (പദ്ധതി)

96. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മൂല്യവർദ്ധിത ഇറച്ചി ഉത്പന്ന സംസ്കരണ പ്ലാന്റ് ഏത്തൂർ (കൊല്ലം)ന് കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനായി 2 കോടി രൂപയും എം.പി.ഐ.യ്ക്കുള്ള പ്രവർത്തന മൂലധനമായി 10.86 കോടി രൂപയും എം.പി.ഐ. ഇടയാർ ക്യാമ്പസിൽ പുതിയ ഇ.റ്റി.പി. നിർമ്മിക്കുന്നതിനായി 2.5 കോടി രൂപയും മാംസ സംസ്കരണത്തിനായുള്ള അത്യാധുനിക മെഷിനറി വാങ്ങുന്നതിനായി 2.5 കോടി രൂപയും എം.പി.ഐ. ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും സെയിൽസ് ഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സംരംഭക സഹായ പദ്ധതിക്കായി 2.5 കോടി രൂപയും അബറ്റയർ ഉൾപ്പെടുന്ന ക്യാമ്പസ് സുരക്ഷിതത്വത്തിന് കോമ്പൗണ്ട് വാൾ, ഡ്രെയിനേജ് ഇവ നിർമ്മിക്കുന്നതിനായി 6.5 കോടി രൂപയും ഉൾപ്പെടെ 26.86 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള ഫീഡ്സ് ലിമിറ്റഡ്**

2403-00-190-86—കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

വിഹിതം : 11,20,00,000 രൂപ (പദ്ധതി)

97. ക്ഷീരകർഷകർക്ക് 2025-26 സാമ്പത്തിക വർഷം 200000 MT കാലിത്തീറ്റ ടണ്ണൊന്നിനു 1000 രൂപ കുറച്ചുനൽകുന്നതിനായി 13.4 കോടി രൂപയും കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ റെയിൽ വഴിയുള്ള ഗതാഗതച്ചെലവിനായി 6.4 കോടി രൂപയും കേരള ഫീഡ്സിലെ ERP പാക്കേജിന്റെ നവീകരണം - ലൈസൻസ് വിപുലീകരണത്തിനുള്ള ധനസഹായമായി 60 ലക്ഷം രൂപയും ഉൾപ്പെടെ 20.4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

2403-00-190-83—കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം

വിഹിതം : 30,46,56,000 രൂപ (പദ്ധതി)

98. 2025-26 സാമ്പത്തിക വർഷത്തിൽ കെ.എൽ.ഡി. ബോർഡിന്റെ ബുൾ സ്റ്റേഷനുകളിലേയും സെമൻ ബാങ്കുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ഫാമുകളിലെ കന്നുകാലികളെ പരിപാലിക്കുക, സെമൻ സ്റ്റേഷനുകളിലെ നടത്തിപ്പു ചെലവ് എന്നിവയ്ക്കായി 40 ലക്ഷം രൂപയും വംശഗുണവും ജനിതക മേന്മയേറിയതുമായ മലബാറി ആടുകളെ സംരക്ഷിച്ച്, ഇവയുടെ ഗാഢശീതീകരിച്ച ബീജം ഉൽപ്പാദനം, വിതരണം എന്നിവയ്ക്കായി 12.5 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിലുമുള്ള മോഡേൺ ബുൾ മദർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, ബുൾ മദറുകളുടെ പരിപാലനം, കന്നുകുട്ടി ഉൽപ്പാദനത്തിന്റെ ചെലവ്, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി 90 ലക്ഷം രൂപയും ഫീൽഡ് പെർഫോർമൻസ് റിക്കോർഡിംഗ് വഴി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിയ്ക്കായി 40 ലക്ഷം രൂപയും വിത്തുകാളകളുടെ ജീനോമിക് തെരഞ്ഞെടുപ്പിനായി ജീനോമിക് ലബോറട്ടറി പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിനായി 30 ലക്ഷം രൂപയും തീറ്റപ്പുൽ വിത്തുൽപ്പാദനവും വിപണനവും എന്ന പദ്ധതിയ്ക്കായി 34.9 ലക്ഷം രൂപയും കേരളത്തിന്റെ വടക്കൻ ജില്ലകളിൽ നടപ്പിലാക്കുന്ന സന്തതി പരിശോധന പദ്ധതിയ്ക്കായി 8 ലക്ഷം രൂപയും പാലക്കാട് ജില്ലയിലെ കെ.എൽ.ഡി. ബോർഡിന്റെ ധോണി ഫാമിൽ തീറ്റപ്പുൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി മഴവെള്ളം അധികമായി സംഭരിച്ച് അവിടുത്തെ ജലസ്രോതസ്സുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ജലസേചന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതിയ്ക്കായി 40 ലക്ഷം രൂപയും സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളിൽ പ്രീമിയം ബുൾ സെമൻ വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി 12.6 ലക്ഷം രൂപയും കന്നുകാലികളുടെ വന്ധ്യതാ നിരീക്ഷണ കേന്ദ്രം & റഫറൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 45 ലക്ഷം രൂപയും കർഷക തലത്തിൽ സാറ്റലൈറ്റ് പന്നിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 60 ലക്ഷം രൂപയും സാറ്റലൈറ്റ് ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 85 ലക്ഷം രൂപയും ഉൾപ്പെടെ 4.98 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6403-00-190-90—കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്.)

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

99. ക്ഷീരമേഖലയിൽ സംരംഭകത്വത്തിനായി മോഡൽ ഇൻകുബേഷൻ സെന്റർ സ്ഥാപിക്കൽ പദ്ധതിക്കായി 1.4020 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

2403-00-188-99-31—കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി - സഹായധനം - ശമ്പളം

വിഹിതം : 97,20,77,000 രൂപ (പദ്ധതിയേതരം)

100. സർവ്വകലാശാല ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം, മറ്റ് കുടിശ്ശികകൾ, വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 64.7082 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-188-97—കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി -അടിസ്ഥാന സൗകര്യവികസനം (നബാർഡ് ആർ.ഐ.ഡി.എഫ്.XXX)

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

101. പദ്ധതി വിഹിതത്തിന്റെ 20% മൊബിലൈസേഷൻ അഡ്വാൻസ് തുക 7.008 കോടി രൂപ ആയതിനാൽ 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

## ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

വോട്ട് ചെയ്തത് : 2,14,40,68,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2404-00-001-99—ഭരണവും നടത്തിപ്പും - ഡയറക്ടറേറ്റ്

വിഹിതം : 8,51,70,000 രൂപ (പദ്ധതിയേതരം)

102. ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 23.5 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 28000 രൂപയും 04(1) യാത്രാബത്ത ഇനത്തിൽ

1.52 ലക്ഷം രൂപയും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 3.47 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 50000 രൂപയും 45 (പി.ഒ.എൽ.) ഇനത്തിൽ 1.99 ലക്ഷം രൂപയും ഉൾപ്പെടെ 31.26 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-98—ജില്ലാ ഭരണം

വിഹിതം : 22,93,55,000 രൂപ (പദ്ധതിയേതരം)

103. ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 36.57 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 74,000 രൂപയും 04(1) യാത്രാബത്ത ഇനത്തിൽ 2 ലക്ഷം രൂപയും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 5.5 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 2.5 ലക്ഷം രൂപയും 45 (പി.ഒ.എൽ.) ഇനത്തിൽ 8.8 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 56.11 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-97—വികസന പ്രവർത്തന ഘടകങ്ങൾ

വിഹിതം : 44,58,79,000 രൂപ (പദ്ധതിയേതരം)

104. ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 1.504 കോടി രൂപയും 02(4) കൺസോളിഡേറ്റഡ് ഇനത്തിൽ 4.02 ലക്ഷം രൂപയും ഉൾപ്പെടെ 1.5442 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-96-34-3—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശകപ്രവർത്തനങ്ങൾ - മറ്റു ചെലവുകൾ - മറ്റിനം

വിഹിതം : 10,08,00,000 രൂപ (പദ്ധതി)

105. അപ്രതീക്ഷിത സാഹചര്യങ്ങളിൽ ഉരുക്കൾക്കും ഡയറി ഫാമിനും നാശനഷ്ടം സംഭവിച്ച ക്ഷീര കർഷകർക്ക് കണ്ടിജൻസി ഫണ്ട് ഇനത്തിൽ ധനസഹായം അനുവദിച്ച് നൽകുന്നതിനായി 1.32 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-77—കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉത്പാദനവും സൂക്ഷിക്കലും

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

106. കേരളത്തിലെ ക്ഷീര മേഖലയിൽ ഉത്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം തീറ്റപ്പുല്ലിന്റെ ദൗർലഭ്യം ആയതിനാൽ കൂടുതൽ സ്ഥലത്ത് പുൽകൃഷി വ്യാപിപ്പിക്കുന്നതിനും കൂടുതൽ തരിശു ഭൂമിയിൽ പുൽ കൃഷി പദ്ധതി നടപ്പിലാക്കുന്നതിനുമായി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-75—കന്നുകാലിത്തീറ്റകൃഷി വലിയതുറ സ്വീവേജ് ഫാം

വിഹിതം : 2,52,22,000 രൂപ (പദ്ധതിയേതരം)

107. ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 1.17 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 85,000 രൂപയും ഉൾപ്പെടെ 2.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-69-34—കേരള സ്റ്റേറ്റ് ഫോഡർഫാം വലിയതുറയിൽ ഡയറിമാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ

വിഹിതം : 50,00,000 രൂപ (പദ്ധതി)

108. സംസ്ഥാനത്തെ പാൽ ഉൽപ്പാദനം, ഉപഭോഗം എന്നിവ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭിക്കുന്നതിനായും സ്റ്റേറ്റ് ഫോഡർ പ്ലാൻ 2025-26 സാമ്പത്തിക വർഷം പ്രസിദ്ധീകരിക്കുന്നതിനായി കേരളത്തിലെ തീറ്റപ്പുൽകൃഷി സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായും സർവ്വേകൾ നടത്തുന്നതിനായി 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-109-98—ക്ഷീരവികസന പരിശീലന കേന്ദ്രം

വിഹിതം : 6,40,52,000 രൂപ (പദ്ധതിയേതരം)

109. ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 8.96 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 3.28 ലക്ഷം രൂപയും 05(4) മറ്റിനങ്ങളിൽ 20,000 രൂപയും ഉൾപ്പെടെ 12.44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-109-93—വാണിജ്യ ഡയറി, മിൽക്ക് ഷെഡ് വികസന പരിപാടി

വിഹിതം : 34,80,00,000 രൂപ (പദ്ധതി)

110. 2025-26 വർഷം സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം നേടുന്നതിനായി അധികമായി പശുക്കളെ അന്യസംസ്ഥാനത്ത് നിന്ന് വാങ്ങുന്നതിനും പുതിയതായി ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് ബാങ്ക് ലോൺ എടുക്കുന്നവർക്ക് പലിശരഹിത വായ്പ ഇനത്തിൽ ധനസഹായം നൽകുന്നതിനുമായി 4.04 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4404-00-109-96—വാണിജ്യഡയറി, മിൽക്ക്ഷെഡ് വികസന പരിപാടി

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

111. ഡയറി ഫാം സ്ഥാപിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസനം, യന്ത്രവൽക്കരണം, ആധുനികവൽക്കരണം, കറവ യന്ത്രം വാങ്ങൽ, ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതി ഘടകങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 7,26,93,89,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | ഇല്ല |

2405-00-001-99—ഭരണവും നടത്തിപ്പും - നടത്തിപ്പ്

വിഹിതം : 50,22,40,000 രൂപ (പദ്ധതിയേതരം)

112. സെൻട്രലൈസ്ഡ് സിസ്റ്റം പ്രകാരം വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് 74.58 ലക്ഷം രൂപയും എറണാകുളം ജില്ലയിൽ ഫിഷറീസ് ജോയിന്റ് ഡയറക്ടേറ്റ് ആഫീസ് ഉൾപ്പെടെയുള്ള ഫിഷറീസ് വകുപ്പിന്റെ വിവിധ ജില്ല മേഖലാ ആഫീസുകൾ സ്ഥിതി ചെയ്യുന്ന കോംപ്ലക്സിന്റെ അറ്റകുറ്റപ്പണികൾക്ക് 25.3 ലക്ഷം രൂപയും ഉൾപ്പെടെ 99.88 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-87—മത്സ്യവിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

113. സംസ്ഥാനത്തെ മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുടെ ഭാഗമായി ഗിഫ്റ്റ് ഹാച്ചറികളുടെ പ്രവർത്തന ചെലവ്

വഹിക്കുന്നതിനും പുതുതായി ആരംഭിക്കുന്ന Backyard Seed Production Unit-കൾക്കാവശ്യമായ ബ്രൂഡ് ഫിഷസ് വാങ്ങി നൽകുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-87—മത്സ്യവിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

114. ഹാച്ചറികൾ/ ഫാമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള അധിക ചെലവുകൾ വഹിക്കുന്നതിനായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-62—മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

115. മത്സ്യ വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് നടപ്പിലാക്കുന്നതിനും മത്സ്യ സങ്കേതങ്ങൾ സ്ഥാപിച്ച് പരിപാലിച്ച് ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിലൂടെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങളും വരുമാനവും ഉറപ്പാക്കുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-54—മത്സ്യകൃഷി വികസനം

വിഹിതം : 67,50,00,000 രൂപ (പദ്ധതി)

116. പ്രാദേശിക അടിസ്ഥാനത്തിൽ നടപ്പാക്കുന്ന മുറ്റത്തൊരു മീൻതോട്ടം പോലെയുള്ള ജനകീയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും സാധ്യമായ എല്ലാ ഓരുജലാശയങ്ങളിലും വനാമി ചെമ്മീൻ അടക്കമുള്ള മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുമായി 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-51—ജലസംഭരണികളിലെ മത്സ്യകൃഷി വികസനം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

117. ആഭ്യന്തര മത്സ്യോൽപാദനത്തിലും വരുമാനത്തിലും വർദ്ധനവുണ്ടാക്കുകയും ഉപജീവനത്തിനായി പദ്ധതിയെ ആശ്രയിച്ച് കഴിയുന്ന പദ്ധതി പ്രദേശങ്ങളിലെ

അയ്യായിരത്തോളം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള മത്സ്യ ത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-48—അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ

വിഹിതം : 7,11,00,000 രൂപ (പദ്ധതി)

118. അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് പ്രാദേശികാടിസ്ഥാനത്തിൽ നിയമിച്ച അക്വാകൾച്ചർ പ്രൊമോട്ടർ, കോ-ഓർഡിനേറ്റർ എന്നിവരുടെ ഓണറേറിയം, വേതനം, എക്സ്റ്റെൻഷൻ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 5.57 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-91 - മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

119. തീരദേശ ജില്ലകളിൽ കടൽ പട്രോളിംഗ് നടത്തുന്നതിനായി സജ്ജമാക്കിയ റെസ്ക്യൂ ബോട്ടുകളുടെ ഇന്ധന ചെലവുകൾക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-82—സംയോജിത മത്സ്യബന്ധന വികസന പദ്ധതി(100% എൻ.സി.ഡി.സി. സഹായം) (സംസ്ഥാന വിഹിതം)

വിഹിതം : 50,00,000 രൂപ (പദ്ധതി)

120. എൻ.സി.ഡി.സി. അംഗീകരിച്ച ഇന്റഗ്രേറ്റഡ് ഫിഷറീസ് ഡെവലപ്മെന്റ് പദ്ധതിക്ക് 2022-23-ലെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതമായി 1.7667 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-80—മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

വിഹിതം : 49,00,00,000 രൂപ (പദ്ധതി)

121. മത്സ്യത്തൊഴിലാളികൾക്ക് പലിശ സബ്സിഡി നൽകുന്നതിനായും സാഫ് യൂണിറ്റുകളുടെ ബിസിനസ് മെച്ചപ്പെടുത്തി സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും ഗുണമേന്മയുള്ള ബ്രാൻഡ് ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും അപെക്സ്/കാറ്റഗറി ഫെഡറേഷൻ ശക്തിപ്പെടുത്തി ഒരു പ്രൊഡ്യൂസർ കമ്പനിയാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-76—സമുദ്ര സുരക്ഷയും രക്ഷാപ്രവർത്തനങ്ങളും

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

122. സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലുമായി 15 പ്രധാന ഹാർബറുകളിൽ രൂപീകരിച്ചിട്ടുള്ള 100 സീ റസ്ക്യൂ സ്ക്വാഡുകളുടെ വേതനം, മാസ്റ്റർ കൺട്രോൾ റൂം, 3 റീജിയണൽ കൺട്രോൾ റൂമുകൾ എന്നിവയുടെ പ്രവർത്തനം, സുരക്ഷാ നടപടികൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുതലപ്പൊഴി ഹാർബറിലെ പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ഡിപ്ലോയ് ചെയ്തിട്ടുള്ള ലൈഫ് ഗാർഡുകളുടെ വേതനം, കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും അതിലുള്ള മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ റെക്കോഡ് ചെയ്യുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന മത്സ്യബന്ധന ഹാർബറുകൾ കേന്ദ്രീകരിച്ച് ഓട്ടോമേറ്റഡ് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നിവയ്ക്കായി 1 കോടി രൂപയും 1000 പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഡിസ്ട്രസ് സിഗ്നൽ ഫ്ലെയറുകൾ, വാട്ടർ പ്രൂഫ് ടോർച്ച് ലൈറ്റുകൾ, ഹാൻഡ് ഹെൽഡ് ഫ്ലെയറുകൾ, റിഫ്ലക്ടീവ് ടേപ്പുകൾ, മൾട്ടിപർപ്പസ് ടൂൾ, മറൈൻ ഫസ്റ്റ് എയ്ഡ് കിറ്റ്, റിപ്പയർ കിറ്റ് സൂചികൾ, ട്വയിനുകൾ എന്നിവ ഉൾപ്പെടുത്തി എമർജൻസി സേഫ്റ്റി കിറ്റ് നൽകുന്നതിന് 1 കോടി രൂപയും ഉൾപ്പെടെ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-73—മത്സ്യ വ്യവസായ പശ്ചാത്തല സർവ്വേയും പഠനവും അന്വേഷണവും

വിഹിതം : 50,00,000 രൂപ (പദ്ധതി)

123. വിഴിഞ്ഞം, മുതലപ്പൊഴി, പൊഴിയൂർ, അജാനൂർ എന്നീ ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ അനുബന്ധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-69—ശുചിത്വ സാഗരം - ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജന പദ്ധതി

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

124. ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിനായി 3.75 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-105-86—മത്സ്യമാർക്കറ്റുകളുടെ നവീകരണം, മൂല്യവർദ്ധനവ്, വിളവെടുപ്പിന്ശേഷമുള്ള പ്രവർത്തനങ്ങൾ

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

125. നിർമ്മാണത്തിലിരിക്കുന്ന മത്സ്യ മാർക്കറ്റുകളുടെ പൂർത്തീകരണത്തിനും മൂല്യ വർദ്ധിത വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-109-91—വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വിഹിതം : 1,30,00,000 രൂപ (പദ്ധതി)

126. വകുപ്പിലെ ഇ-ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും വിജ്ഞാന വ്യാപനത്തിനും പദ്ധതി നിർവ്വഹണ വിലയിരുത്തലിനുമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-110-96—മണ്ണെണ്ണ എഞ്ചിനുകളിൽ നിന്നും ബോട്ടുകളെ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിനുള്ള സബ്സിഡി പദ്ധതി

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

127. 2023-24 കാലയളവിൽ മണ്ണെണ്ണ എഞ്ചിനുകളിൽ നിന്നും 500 യാനങ്ങളെ LPG എഞ്ചിനുകളാക്കി മാറ്റുന്നതിന് (യൂണിറ്റ് തുക 70,000 രൂപ, സബ്സിഡി 75%) ഭരണാനുമതി ലഭ്യമായിട്ടുള്ള 3 കോടി 55 ലക്ഷം രൂപയുടെ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിനായി 1.625 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-120-98—ലിംഗ സമത്വ സ്ത്രീ ശാക്തീകരണ നയ നിർവ്വഹണം - സാഫിനുള്ള ധനസഹായം

വിഹിതം : ഇല്ല

128. Gender Equality and Women Empowerment Policy-ൽ ഉൾപ്പെടുത്തി " Online Course on Digital Media, Marketing and Advertising Design" എന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-121-97—രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

വിഹിതം : 27,77,50,000 രൂപ (പദ്ധതിയേതരം)

129. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം കുടിശ്ശിക തീർത്ത് യഥാസമയം വിതരണം ചെയ്യുന്നതിനായി 38.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-121-96—മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 1,18,00,000 രൂപ (പദ്ധതി)

130. അനുബന്ധ തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പ്രീമിയം തുക അടക്കേണ്ടി വരുമെന്നതിനാൽ 12 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-121-92—മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

131. തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പ്രീമിയം തുക അടക്കേണ്ടി വരുമെന്നതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-121-90—മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ നവീകരണവും പരിപാലനവും

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

132. പത്ത് വർഷമോ അതിലധികമോ പഴക്കമുള്ള വീടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഓരോ മത്സ്യത്തൊളിലാളിക്കും മെച്ചപ്പെട്ട ജീവിത സാഹചര്യം പ്രദാനം ചെയ്യുന്നതിനുമായി നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-188-99—<u>കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല</u>

വിഹിതം : 35,50,00,000 രൂപ (പദ്ധതി)

133. പയ്യന്നൂർ ഫിഷറീസ് കോളേജ് നിർമ്മാണ പ്രവർത്തനം, കുഫോസ് ആസ്ഥാനത്തെ നിർമ്മാണ പ്രവർത്തനം എന്നിവ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി <u>20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2405-00-188-99—<u>സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം - കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്</u>

വിഹിതം : 17,15,70,000 രൂപ (പദ്ധതിയേതരം)

134. 2022 മുതൽ വിരമിച്ച അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും ശമ്പള പരിഷ്കരണത്തിലെ കുടിശ്ശികയും ഡി.എ. കുടിശ്ശികയും ജി.പി.എഫ്. അക്കൗണ്ടിൽ അടയ്ക്കുന്നതിനുമായി <u>8.84 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2405-00-188-97—<u>സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ</u>

വിഹിതം : 74,43,000 രൂപ (പദ്ധതിയേതരം)

135. സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ എസ്.എഫ്.എം.സി. അംഗീകരിക്കപ്പെട്ടിട്ടുള്ള തസ്തികയിൽ ജോലി നോക്കുന്നവർക്ക് ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കും കെട്ടിടവാടകയും നൽകുന്നതിനായി <u>5 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2405-00-190-95—<u>കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ. എ. വി.ഐ. എൽ.)</u>

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

136. കാവിൽ-ന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള മുഴുവൻ അടിസ്ഥാന സൗകര്യങ്ങളും നവീകരിച്ച് ഉപയോഗയോഗ്യമാക്കുക, നിലവിലുള്ള ഹബുകളുടെ മുഴുവൻ അറ്റകുറ്റപണികളും പൂർത്തിയാക്കുക, ഉയർന്ന ഗുണമേന്മയുള്ളതും വിപണി മൂല്യമുള്ളതുമായ

വിത്തുമത്സ്യങ്ങളെ ശേഖരിച്ച് മത്സ്യ വിത്ത് ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്ത് വിപണനയോഗ്യമായവ മത്സ്യകർഷകരിൽ നിന്നും ശേഖരിച്ച് വിപണനം നടത്തുക, അലങ്കാര ജലസസ്യ ഉല്പാദന യൂണിറ്റ് വിപുലീകരിക്കുക, ബയർ സെല്ലർ മീറ്റ് വ്യാപിപ്പിക്കുക, പരിശീലന പരിപാടികൾ വിപുലീകരിക്കുക, കാവിൽ-ന്റെ ലാബ് നവീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-21—കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

വിഹിതം : 1,86,50,000 രൂപ (പദ്ധതിയേതരം)

137. കടാശ്വാസ കമ്മീഷന് ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കായും നിലവിലുണ്ടായിരുന്ന വാഹനങ്ങൾ 15 വർഷ കാലാവധി പൂർത്തീകരിച്ച് ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ പുതിയ വാഹനം വാങ്ങുന്നതിനായും 70 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-94—തീരദേശ റോഡുകളുടെ നവീകരണം

വിഹിതം : 93,53,61,000 രൂപ (പദ്ധതിയേതരം)

138. തീരദേശ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-92—വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കൽ-മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും

വിഹിതം : ഇല്ല

139. കാലാവസ്ഥ വ്യതിയാനം മൂലം ഭവനം നഷ്ടപ്പെട്ട് വാടക വീട്ടിൽ കഴിയേണ്ടി വന്ന തിരുവനന്തപുരം ജില്ലയിലെ 225 കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കുന്നതുവരെ പ്രതിമാസം 5500 രൂപ നിരക്കിൽ വാടക അനുവദിക്കുന്നതിനായി 74.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-89—പുനർഗേഹം-കടൽത്തീരത്തിന് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

വിഹിതം : 60,00,00,000 രൂപ (പദ്ധതി)

140. പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭൂമി വില, ഭവന നിർമ്മാണ സഹായം എന്നിവയ്ക്കും നിർമ്മാണത്തിലിരിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളുടെയും ഉടൻ നിർമ്മാണം ആരംഭിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളുടെയും ബിൽ തുക അനുവദിക്കുന്നതിനുമായി 40 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-87 - യാൺ ട്വിസ്റ്റിംഗ് യൂണിറ്റ് & നെറ്റ് ഫാക്ടറി

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

141. യാൺ ട്വിസ്റ്റിംഗ് യൂണിറ്റിന് ഹൈടെക് കറന്റ് കണക്ഷൻ, വയറിംഗ്, മറ്റ് പ്രവർത്തനങ്ങൾ, കൊല്ലം നീണ്ടകരയിലാരംഭിക്കുന്ന നെറ്റ് ഫാക്ടറിയുടെ പ്രാരംഭഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-55—മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

വിഹിതം : ഇല്ല

142. മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതിനും റവന്യൂ വകുപ്പിന് റീക്കുപ്പ് ചെയ്ത് നൽകുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-54—നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

143. Tranche XXVI, XXVII എന്നിവ പൂർത്തീകരണ ഘട്ടത്തിലും XXVIII, XXIX എന്നിവ പുരോഗമിച്ച് വരുന്നതിനാലും XXX പ്രവൃത്തികൾ ഉടൻ തന്നെ ക്രമീകരിച്ച് പുരോഗതി കൈവരിക്കുമെന്നതിനാലും 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-37—മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും

വിഹിതം : 9,50,00,000 രൂപ (പദ്ധതി)

144. ബ്രേക്ക് വാട്ടറുകളുടെ പുനരുദ്ധാരണത്തിനും ഡ്രെഡ്ജിംഗ് പ്രവൃത്തികൾക്കുമായി അനുവദിച്ച ഫണ്ട് അപര്യാപ്തമായതിനാൽ 30.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-31—തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പുതിയ കൂട്ടിച്ചേർക്കലുകളും

വിഹിതം : 3,31,00,000 രൂപ (പദ്ധതി)

145. ആവിത്തോട്, മുഖദാർ എന്നീ ഫിഷ്‌ലാന്റിംഗ് സെന്ററുകളുടെയും പൊഴിയൂർ ഫിഷിംഗ് ഹാർബറിന്റെയും പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 69 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-26—അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ വികസനം- ഫിഷറീസ് ആന്റ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രച്ചർ ഡെവലപ്പ്മെന്റ് ഫണ്ടിന് (FIDF) കീഴിലുള്ള സഹായം

വിഹിതം : ഇല്ല

146. അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബില്ലുകൾ നൽകുന്നതിലേക്കായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-109-97—കൊല്ലത്ത് ഒരു ഓഷനേറിയവും ബയോളജിക്കൽ മ്യൂസിയവും സ്ഥാപിക്കൽ

വിഹിതം : ഇല്ല

147. കൊല്ലത്ത് ഒരു ഓഷനേറിയവും ബയോളജിക്കൽ മ്യൂസിയവും സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രർത്തനങ്ങൾക്കും സ്ഥലം ഏറ്റെടുക്കുന്നതിനുമായി 9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-190-97—എൻ.ബി.സി., എഫ്.ഡി.സി. ആന്റ് എൽ.എം.ഡി.എഫ്.സി. പദ്ധതികളുടെ കീഴിൽ സീഡ് മണി സഹായം

വിഹിതം : 30,00,000 രൂപ (പദ്ധതി)

148. എൻ.സി.ഡി.സി. അംഗീകരിച്ച ഇന്റഗ്രേറ്റഡ് ഫിഷറിസ് ഡെവലപ്മെന്റ് പദ്ധതിക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.8667 കോടി രൂപ

ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6405-00-195-99—മത്സ്യ ബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതിയ്ക്കായി മത്സ്യഫെഡിനായി കൊടുക്കുന്ന വായ്പ (എൻ.സി.ഡി.സി. സഹായം)

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

149. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള ഐ.എഫ്.ഡി.പി. പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 19.25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശീർഷകം പുനഃസ്ഥാപിക്കുന്നതിന്**

150. മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയ്ക്ക് സമീപമുള്ള തീരപരിപാലന പ്രവർത്തനങ്ങൾക്കായി 4405-00-104-27(പ്ലാൻ) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

151. ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള തീരദേശ പാക്കേജിനായി പുതിയ ശീർഷകം അനുവദിച്ച് 75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പി. പ്രസാദ്,

തിരുവനന്തപുരം,
2025 ഫെബ്രുവരി 25.

*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി I.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.